# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3732 — 24.06.2014 ൽ മറുപടിക്ക്

## സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ചില തീവണ്ടികളുടെ സംസ്ഥാനത്തെ സ്റ്റോപ്പുകൾ നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെല്ലാം തീവണ്ടികളുടെ, ഏതെല്ലാം സ്റ്റോപ്പുകളാണ് നിർത്തലാക്കിയതെന്നും ഇതിന്റെ കാരണങ്ങൾ എന്താണെന്നും അറിയിക്കുമോ; | (ബി) | സൂപ്പർ ഫാസ്റ്റ് ട്രെയിനുകളുടെ സ്റ്റോപ്പുകളൊന്നും നിർത്തലാക്കിയിട്ടില്ല. എന്നാൽ വഞ്ചിനാട് ട്രെയിനിന്റെ പരവൂരിലുണ്ടായിരുന്ന താല്ക്കാലിക സ്റ്റോപ്പും ഏറനാട് എക്സ്പ്രസിന്റെ ചാലക്കുടിയിൽ ഉണ്ടായിരുന്ന താല്ക്കാലിക സ്റ്റോപ്പും ഗുരുവായൂർ പുനലൂർ ഫാസ്റ്റ് പാസഞ്ചർ ട്രെയിനിന്റെ കരുകുറ്റിയിലെ സ്റ്റോപ്പും 06.06.2014 മുതൽ താല്ക്കാലിക സ്റ്റോപ്പുകളുടെ ആറുമാസക്കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്ന് പിൻവലിച്ചിരുന്നു. |
| (സി) | പ്രസ്തുത സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ചില ട്രെയിനുകളുടെ കാര്യം ഇതിനകം തന്നെ റെയിൽവേ ബോർഡ് ചെയർമാന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ